# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1934 08.06.2018 ൽ മറുപടിയ്ക്ക്

### പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ. എം.ഉമ്മർ | | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുതുച്ചേരിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകളെ ഇതുമായി ബന്ധപ്പെട്ട നിയമ നടപടികളിൽ നിന്നും വിമുക്തരാക്കാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രതീക്ഷിച്ച തുക ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | 2018-19 ലെ ബഡ്ജറ്റിൽ ഈ സ്കീം വഴി 100 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. 1007 വാഹനങ്ങൾക്ക് നോട്ടീസ് നൽകി, പൊതുമാപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കീം പ്രഖ്യാപിച്ചതിനുശേഷം 17,56,28,230 രൂപ/- ശേഖരിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇത് പ്രതീക്ഷിച്ച തുകയുടെ 17.56% ആണ്.<br><br>26.05.2018 –ലെ കണക്കനുസരിച്ച് ആകെ 34,57,55,884 രൂപ/- നികുതി യിനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ പ്രതീക്ഷിച്ച തുകയുടെ എത്ര ശതമാനമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഈ സ്കീം പ്രകാരം പ്രതികരിക്കാത്ത വാഹന ഉടമകളുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | ഇനിയും നികുതിയടയ്ക്കാതെ വാഹനങ്ങൾ കേരളത്തിൽ ഉപയോഗിച്ചു വരുന്നതായി കാണുകയാണെങ്കിൽ വാഹനം പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ